**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ആദിവാസി ഊരുകളിൽ അഞ്ച് ആദിവാസി പെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരിക്കാനിടയായ സംഭവത്തിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പട്ടികവർഗ വികസന വകുപ്പിന്റെ ഐ.ടി.ഡി. പ്രോജക്ടാഫീസർ മുഖേന അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമേ പൊലീസ് അന്വേഷണവും നടക്കുന്നുണ്ട്. |
| (ബി) | ആദിവാസി ഊരുകൾക്ക് പുറത്തുള്ളവരും ക്രിമിനൽ പശ്ചാത്തലമുള്ളവരും അവിടെ എത്തിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഊരുകൾക്ക് പുറത്തുള്ളവർ അവിടെ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോയെന്നുള്ളത് സംബന്ധിച്ചുള്ള അന്വേഷണം പോലീസ് നടത്തിവരുന്നു. |
| (സി) | കുട്ടികൾ മരിച്ച കുടുംബങ്ങൾക്ക് എന്തെല്ലാം ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) | മരണപ്പെട്ട കുട്ടികളുടെ കുടുംബത്തിൽ പട്ടികവർഗ വികസന വകുപ്പ് അടിയന്തിര ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ